Page 1 of 1

(ബി) സർക്കാർ നേരിട്ട് നടത്തുന്ന 11 വൃദ്ധ സദനങ്ങളും 4 വികലാംഗ വൃദ്ധ സദനങ്ങളും ഇപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇനിയും കൂടുതൽ സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

### സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ

155 (6022) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ഏതെല്ലാം ;

(ബി) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലൂടെയും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കാമോ ?

#### ഉത്തരം

(എ&ബി) ക്ഷേമ സ്ഥാപനങ്ങളുടെയും അവ നൽകുന്ന സേവനങ്ങളെയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

### ഇന്ദിരാഗാന്ധി വിധവാ പെൻഷൻ പദ്ധതി

156 (6023) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാഗാന്ധി വിധവാ പെൻഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശം അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പദ്ധതി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശം അറിയിക്കുമോ ;

(ഡി) ദേശീയ പദ്ധതിക്കൊപ്പം ഇവർക്കുള്ള സംസ്ഥാന പെൻഷൻ പദ്ധതി തുടരുന്നകാര്യം പരിഗണിക്കുമോ ; വിശദാംശം അറിയിക്കുമോ ?

#### ഉത്തരം

(എ) വൈധവ്യംമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്ന സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യവും ലക്ഷ്യവും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly